# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## അന്തിക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2021-2022**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ – 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**
**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.TSR.P(2)-247/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 12/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അന്തിക്കാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.TSR.P(2)-247/2023 തീയ്യതി: 12/04/2023

# തൃശൂർ ജില്ലയിലെ അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 20-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 27-01-2023 | 04-02-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 27-01-2023 | 04-02-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. റഫി ജോൺ, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ.)
ശ്രീമതി പ്രവിദ പി. എ), അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി വിദ്യ വിക്രമൻ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. രഞ്ജിത്ത് പി. ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജ്യോതി രാമൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. വർഗ്ഗീസ് സി.എ) | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കിൻസ് ബോയ് ടി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രമതി മിനി എസ് | കൃഷി ഓഫീസർ | 01-04-2021 | 20-09-2021 |

| | | | |
|---|---|---|---|
| ശ്രീ പെന്റി നിക്കോളാസ് | കൃഷി ഓഫീസർ | 20-09-2021 | 04-11-2021 |
| ശ്രീ പ്രതീഷ് വി.എസ് | കൃഷി ഓഫീസർ | 05-11-2021 | 31-03-2022 |
| ശ്രീമതി വാണി എൻ.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ സുശീൽ  കുമാർ സി | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. സുജ കെ.ടി | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ. ഗീത പി.കെ | മെഡിക്കൽ ഓഫീസർ ,ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ. പ്രവീൺ ബി.വിശ്വൻ | മെഡിക്കൽ ഓഫീസർ ,ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീമതി സൂര്യമോൾ ജെ.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 15-11-2021 |
| ശ്രീമതി ലയ എച്ച് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-11-2021 | 31-03-2022 |
| ശ്രീമതി ശാന്ത കെ.ആർ | ഹെഡ്മിസ്ട്രസ്സ് ,ജി.എൽ.പി.എസ്, പുത്തൻപീടിക | 01-04-2021 | 31-03-2022 |
| ശ്രീമതി ശ്രീജ വി | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 11-04-2021 |
| ശ്രീമതി മഞ്ജുഷ ടി.വി | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 12-04-2021 | 18-07-2021 |
| ശ്രീമതി മായ കെ.ബാബുരാജ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 19-07-2021 | 21-02-2022 |
| ശ്രീമതി ഷീല ടി.ജി | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 22-02-2022 | 31-03-2022 |
| ശ്രീമതി രജിത എൻ.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ,അന്തിക്കാട് സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീമതി കാവ്യ ഗോപിനാഥ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ,പടിയം സർക്കിൾ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റ് രൂപീകരണം - നിയമ വ്യവസ്ഥകൾ | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ക്ഷേമപെൻഷനുകൾ | 1-6 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-10-1 |
| 12 | സഞ്ചയ ഗണിതക്രിയയിൽ വ്യത്യാസം | 1-10-2 |
| 13 | വസ്തുനികുതി-സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തൽ ഇല്ല | 1-10-3 |
| 14 | സ്ഥാപന തൊഴിൽ നികുതി-ഡിമാന്റ് ഒരു തവണ മാത്രം | 1-10-4 |
| 15 | വരവിനങ്ങളുടെ രജിസ്റ്റർ-മാസാന്ത്യ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നില്ല | 1-10-5 |
| 16 | ഡി & ഒ ലൈസൻസ്-വാർഷികകണക്കും ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-10-6 |
| 17 | വരവിനങ്ങളുടെ മുൻകൂർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-10-7 |
| 18 | കുടിശ്ശിക ഇനങ്ങൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-10-8 |
| 19 | പ്രയർ പിരീഡ് തുകകൾക്ക് വൗച്ചറുകളോ, വർക്ക്ഷീറ്റുകളോ തയ്യാറാക്കിയിട്ടില്ല | 1-10-9 |
| 20 | വാർഷിക കണക്കിലെ അപാകതകൾ | 1-10 |
| 21 | ജേണൽ വൗച്ചറുകൾക്ക് ആധികാരികമായ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സൂക്ഷിച്ചിട്ടില്ല | 1-10-10 |
| 22 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-10-11 |
| 23 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-12 |
| 24 | ഡിപ്രീസിയേഷൻ-വർക്ക്ഷീറ്റും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല | 1-10-13 |
| 25 | ബാങ്കിൽ നിക്ഷേപിച്ച തുകകൾ കാഷ് ചെയ്യാത്തത്-18246/- രൂപ | 1-10-14 |
| 26 | "Directly Credited By Bank"-വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല | 1-10-15 |
| 27 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ-വാർഷിക ലൈസൻസ് ഫീസ് സംബന്ധിച്ച് | 1-11 |
| 28 | റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നീ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-12 |
| 29 | പഞ്ചായത്തിലെ അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-13 |
| 30 | പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-14 |
| 31 | വസ്തു നികുതി ഈടാക്കുന്നില്ല | 1-15 |
| 32 | സാമൂഹ്യ സുരക്ഷാ പെൻഷൻ-അപാകതകൾ | 1-16 |
| 33 | തനതു ഫണ്ടുകൾ സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള പലിശ ലഭിക്കുന്നില്ല | 1-17 |
| 34 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-18 |
| 35 | പ്രവർത്തനകലണ്ടർ കരാറിനൊപ്പം ഉൾപ്പെടുത്തുന്നില്ല | 1-19 |
| 36 | സാന്ത്വന പരിചരണം-മരുന്നും, ഉപകരണങ്ങളും ലഭ്യമാക്കിയിട്ടില്ല | 1-20 |
| 37 | ഹോമിയോ ഡിസ്പെൻസറിയ്ക്കു മരുന്നും അനുബന്ധ ഉപകരണങ്ങളും | 1-21 |
| 38 | അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി-ബ്ലോക്ക് വിഹിതം ചെലവായി വാർഷികകണക്കിലും ചെലവ് പത്രികയിലും ഉൾപ്പെട്ടിട്ടില്ല | 1-22 |

| | | |
|---|---|---|
| 39 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രൊജക്ടുകൾ-പൊതു അപാകതകൾ | 1-23 |
| 40 | ഇ-ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ ലഭിച്ചിട്ടില്ല | 1-24 |
| 41 | തൊഴിലുറപ്പ് പദ്ധതി-അളവുപുസ്തകത്തിന്റെ സ്റ്റോക്ക് എഴുതി സൂക്ഷിക്കുന്നില്ല | 1-25 |
| 42 | ദുരിതാശ്വാസ നിധി രൂപീകരണം സംബന്ധിച്ച് | 1-26 |
| 43 | പഞ്ചായത്ത് ഓഫീസ് റീ-വയറിങ്ങ് ടെണ്ടർ വ്യവസ്ഥകളുടെ ലംഘനം | 1-27 |
| 44 | പൗരാവകാശരാഖ പ്രസിദ്ധീകരണം-നിയമ നിഷ്ക്കർഷ പാലിക്കുന്നില്ല | 1-28 |
| 45 | പാർട്ട് ബിൽ തുക Capital Work-In-Progress-ൽ ഉൾപ്പെടുത്തിയില്ല | 1-29 |
| 46 | തുക അടവാക്കിയിട്ടും കമ്പ്യൂട്ടറുകൾ ലഭിച്ചില്ല | 1-30 |
| 47 | ധനവിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭിക്കാത്തത് സംബന്ധിച്ച് | 1-31 |
| 48 | വനിതാ ഘടകപദ്ധതി എന്ന ആശയത്തെ പൂർണ്ണമായി ഉൾക്കൊള്ളാത്ത പദ്ധതിരൂപീകരണം | 1-32 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 19-02-2021, 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 176944400 | 178248400 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 25-02-2022, 2(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 174316491 | 175193281 |

### 1-1-1 ബജറ്റ് രൂപീകരണം - നിയമ വ്യവസ്ഥകൾ

ഒരു നിശ്ചിത കാലയളവിൽ ഒരു സ്ഥാപനത്തിനുണ്ടായേക്കാവുന്ന ചെലവുകളുടെയും വരവുകളുടെയും ഇനം തിരിച്ചുള്ള സംക്ഷിപ്തമാണ് ബഡ്ജറ്റ്. സാമ്പത്തിക ആസൂത്രണത്തിന് ഒരു സ്ഥാപനത്തിന് ആശ്രയിക്കാവുന്ന ഏറ്റവും ഫലപ്രദമായ ഉപകരണമാണത്. സാമ്പത്തിക അച്ചടക്കം കൈവരിക്കുന്നതിൽ ബഡ്ജറ്റിന്റെ സ്വാധീനം വലുതാണ്. സ്ഥാപനത്തിന്റെ വിവിധ ചെലവുകൾക്ക് ലക്ഷ്യങ്ങൾക്കനുസൃതമായ മുൻഗണന നൽകി സാമ്പത്തിക സ്ഥിതി നേരായവിധത്തിൽ നിയന്ത്രിക്കുന്നതിന് ബഡ്ജറ്റ് സഹായിക്കുന്നു.

2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളിലുള്ള മറുപടി/വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/27.01.23) മറുപടി ലഭ്യമാക്കിയെങ്കിലും ബജറ്റ് ഫയൽ ഹാജരാക്കാത്തതിനാൽ ആവശ്യകത വിലയിരുത്തുന്നതിനോ ബജറ്റ് രൂപീകരണത്തിൽ നിയമത്തിൽ അനുശാസിക്കുന്ന നടപടികൾ എടുത്തിരുന്നോ എന്ന് പരിശോധിക്കുന്നതിനോ സാധിച്ചിട്ടില്ല.

സെക്രട്ടറി, വിവിധ ഓഫിസ് തലവൻമാരുടെ യോഗം ചേർന്ന് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി ബന്ധപ്പെട്ട സ്റ്റാൻഡിങ്ങ് കമ്മിറ്റികൾക്ക് നൽകുന്നതിന് നിർദ്ദേശം നൽകുകയോ അപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുകയോ {കേ.പ.രാ.നിയമം വകുപ്പ് 214(1)} ചെയ്തിട്ടുണ്ടോ എന്ന വിഷയം ഓഡിറ്റ് എൻക്വയറിയിലൂടെ ആരാഞ്ഞിരുന്നുവെങ്കിലും മറുപടി ഉണ്ടായില്ല.

G.O.(Rt.)No.3291/2016/LSGD Dt.02.12.2016പ്രകാരം *Manual On Finance Management:Budget* സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത മാനുവലിന്റെ ഖ. 1.3(x)ൽ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ്, ബജറ്റ് സ്റ്റേറ്റ്മെന്റ് എന്ന് വിളിക്കപ്പെടുന്ന ഫോർമാറ്റിലാണ് അവതരിപ്പിക്കേണ്ടതെന്ന് അനുശാസിക്കുന്നുണ്ട്. ബജറ്റ് സ്റ്റേറ്റ്മെന്റിലെ ഘടകങ്ങളായ പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ 2021-22ൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്.

ബന്ധപ്പെട്ട നിയമ നിഷ്ക്കർഷകൾ പാലിച്ചുകൊണ്ട് സാമ്പത്തിക ആസൂത്രണത്തിന് സഹായകമാകുന്ന തരത്തിൽ ബഡ്ജറ്റ് രൂപീകരണം സാധ്യമാക്കുന്നതിനുള്ള നടപടികളെടുക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 27-07-2022 |

## 1-3 സാമ്പത്തിക വിശകലനം

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 1,27,39,994 |
| ഓഡിറ്റ് വർഷത്തെ വരവ് | 6,12,94,882 |
| ആകെ | 7,40,34,876 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 5,80,40,632 |
| നീക്കിയിരിപ്പ് | 1,59,94,244 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 10634105 | 10634105 | 9978718 | 655387 |
| വികസന ഫണ്ട്-എസ്.സി.പി (ACR | 0 | 5270095 | 5270095 | 4855727 | 414368 |

| | | | | | | |
|---|---|---|---|---|---|---|
| പ്രകാരം) | | | | | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 6620589 | 6620589 | 5401418 | 1219171 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 5190248 | 5190248 | 4280599 | 909649 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | Basic | 0 | 2561348 | 2561348 | 1875671 | 685677 |
| | Tied | 0 | 6176810 | 6176810 | 3065968 | 3110842 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 129 | 94514625 | 77 | 37599066 | 25 | 20 | 59.68 |

## 1-6 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | - | - |
| കർഷകതൊഴിലാളി പെൻഷൻ | 5354100 | 310 |
| വിധവാ പെൻഷൻ | 16339200 | 1009 |
| വാർദ്ധക്യകാല പെൻഷൻ | 33818700 | 2200 |
| വികലാംഗ പെൻഷൻ | 3294700 | 205 |
| 50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1607200 | 99 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 210000 | 7 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 758917 | 758917 | 758917 | 0 |
| തൊഴിലാളികളുടെ വേതനം, മെറ്റീരിയൽ കോസ്റ്റ് (നേരിട്ട് ബാങ്ക് ട്രാൻസ്ഫർ മുഖേന) | 0 | 31002356 | 31002356 | 31002356 | 0 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.01.2023 തീയതിയിൽ 2.45 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1523/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)). അടിസ്ഥാന അനുപാതങ്ങൾ സാംഖ്യ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും ഐ.കെ.എം പ്രശ്നം പരിഹരിച്ചു തരുന്ന മുറക്ക് ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-10-2 സഞ്ചയ ഗണിതക്രിയയിൽ വ്യത്യാസം

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS" ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല (ഉദാ:2.1.1, 2.1.2, 2.2.1, 2.2.2, എന്നി ഖണ്ഡികയിലെ പട്ടികകൾ).

**2.1 തൻവർഷം**

**2.1.1 റെസിഡൻഷ്യൽ**

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2314770 | 2299236 | 18666 | 4187 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2314770 | 2286332 | 18666 | *4187 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(4400 /105X100)= 4190 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

**2.1.2 നോൺ-റെസിഡൻഷ്യൽ**

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1180683 | 1086036 | 12270 | 82747 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1180683 | 1078826 | 13988 | *82747 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *( 86892 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി |

| | | | | |
|---|---|---|---|---|
| | | | | പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

**2.2കുടിശ്ശിക**

**2.2.1 റെസിഡൻഷ്യൽ**

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 155583 | 146532 | 9410 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *152405 | 141799 | **9410 |
| | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (131991+28035= 160026/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(9895/105X100)=9426 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

2.2.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 582694 | 116220 | 466444 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 573980 | 116198 | 466444 |
| | (2020-21-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(120244 + 482435 = 602679/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(489815/105X100)= 466490, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-10-3 വസ്തുനികുതി-സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തൽ ഇല്ല

1/4/2021-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22-ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്‌ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ അന്തിക്കാട് ഗ്രാമപഞ്ചായത്തിൽ 141 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100102-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള

റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-4 സ്ഥാപന തൊഴിൽ നികുതി-ഡിമാന്റ് ഒരു തവണ മാത്രം

2021-22-ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | Profession Tax Institutions | 110200101-Profession Tax Institutions | 237180 | 31.03.2022 | 42100601 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-5 വരവിനങ്ങളുടെ രജിസ്റ്റർ-മാസാന്ത്യ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58 (2) (ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)
2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)
3. ഡി&ഒ ഡിമാന്റ് രജിസ്റ്റർ
4. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ
5. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-10-6 ഡി & ഒ ലൈസൻസ്-വാർഷികകണക്കും ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ അതാത് ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. ലൈസൻസ് രജിസ്റ്ററിലെ ഡി.സി.ബി സ്റ്റേറ്റ്മെന്റിൽ മുൻവർഷത്തെ അഡ്വാൻസ് തുക തെറ്റായി രേഖപ്പെടുത്തിയത് മൂലമാണ് വാർഷിക കണക്കും ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടാത്തതെന്നും ആയത് തിരുത്തി ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

| ഇനം | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | എഴുതി തള്ളിയത് | ബാലൻസ് |
|---|---|---|---|---|---|
| ഡി&ഒ ലൈസൻസ് (AFS പ്രകാരം) | 207500 | 76500 | 131000 (Advance) | - | 0 |
| രജിസ്റ്റർ പ്രകാരം | 194300 | 76500 | 117500 | | 0 |

## 1-10-7 വരവിനങ്ങളുടെ മുൻകൂർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2022 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/Trad/Prof | 1500 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 117500 |

## 1-10-8 കുടിശ്ശിക ഇനങ്ങൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയിതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58 (4) എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 (A) പ്രകാരം, വസ്തുനികുതി ഇനത്തിൽ ലഭിക്കാൻ ബാക്കിയുള്ള തുകയിൽ (9895 + 489815 = 499710), ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-10-9 പ്രയർ പിരീഡ് തുകകൾക്ക് വൗച്ചറുകളോ, വർക്ക്ഷീറ്റുകളോ തയ്യാറാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18, I-19) | 31/3/2022-ലെ ലെഡ്ജർ ബാക്കി |
|---|---|
| 290800701-Prior Period Expenses- Miscellaneous Expenses | 1633762 |
| 190100101-Prior Period Income-Property Tax | 14433 |

## 1-10 വാർഷിക കണക്കിലെ അപാകതകൾ

പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷികകണക്കുകളിൽ താഴെപ്പറയുന്ന അപാകതകളുണ്ട്. (ഓഡിറ്റ് എൻക്വയറി നം. 04/31.01.2023)

## 1-10-10 ജേണൽ വൗച്ചറുകൾക്ക് ആധികാരികമായ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സൂക്ഷിച്ചിട്ടില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-10-11 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-10-12 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3254250 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 9669100/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-10-13 ഡിപ്രീസിയേഷൻ-വർക്ക്ഷീറ്റും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല

2021-22 വർഷത്തെ Income And Expenditure പത്രിക പ്രകാരം 7074174രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് പ്രകാരം ഡിപ്രിസിയേഷൻ 6938214/- രൂപയാണ്.

## 1-10-14 ബാങ്കിൽ നിക്ഷേപിച്ച തുകകൾ കാഷ് ചെയ്യാത്തത്-18246/- രൂപ

SBI-E Payment ബാങ്ക് അക്കൗണ്ടിന്റെ (A/C No. 37197693472) മാർച്ച് 2022-ലെ റീകൺസീലിയേഷൻ പത്രിക പ്രകാരം താഴെ കൊടുത്തിരിക്കുന്ന തുകകൾ “Cheques Deposited But Not Credited” ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത തുകകളാണ് ഉൾപ്പെട്ടിട്ടുള്ളത്. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

| വൗച്ചർ നം. | വൗച്ചർ തീയതി | ഇൻസ്ട്രമെന്റ് നം | ഇൻസ്ട്രുമെന്റ് തീയതി | തുക |
|---|---|---|---|---|
| 120030900026 | 05.12.2020 | E.Pay | 05.12.2020 | 476 |
| 120030900176 | 31.03.2021 | E.Pay | 31.03.2021 | 2165 |
| 120030900194 | 31.03.2021 | E.Pay | 31.03.2021 | 7576 |
| 120030900213 | 31.03.2021 | E.Pay | 31.03.2021 | 3323 |
| 120030900210 | 31.03.2021 | E.Pay | 31.03.2021 | 1567 |
| 120030900189 | 31.03.2021 | E.Pay | 31.03.2021 | 1924 |
| 121070900017 | 30.06.2021 | E.Pay | 30.06.2021 | 1215 |

## 1-10-15 “Directly Credited By Bank”-വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല

“Directly Credited By Bank” എന്ന ഇനത്തിൽ 21680/- രൂപ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക (Account No-37197693472, SBI E-Payment) പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| തീയതി | തുക |
|---|---|
| 18.03.21 | 1385 |
| 23.09.20 | 2299 |
| 04.11.20 | 2638 |
| 18.02.21 | 1032 |
| 24.02.21 | 286 |
| 04.03.21 | 902 |
| 24.02.21 | 7290 |
| 18.03.21 | 1938 |
| 05.12.20 | 1808 |
| 05.02.21 | 357 |
| 18.02.21 | 892 |
| 17.03.21 | 853 |
| **ആകെ** | **21680/-** |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2021-22-ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

## 1-11 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും സംരഭപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ-വാർഷിക ലൈസൻസ് ഫീസ് സംബന്ധിച്ച്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017-ലെ സ.ഉ(അ)നം.80/2017/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 1996-ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ചട്ടം 10-ലെ പട്ടിക II-ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിൻറെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിൻറെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II-ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ലൈസൻസ് ഫീസിനത്തിൽ ചുമത്താവുന്നതാണ്. മേൽ സർക്കാർ ഉത്തരവ് പ്രകാരം സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നിരക്ക് നിശ്ചയിച്ചിട്ടുള്ള ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/01.02.2023) തുടർന്ന് വരുന്ന ഭരണസമിതിയുടെ തീരുമാനപ്രകാരം ലൈസൻസ് ഫീസ് നിലവിലുള്ള സ്ലാബ് അനുസരിച്ച് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
സേവന മേഖലയിൽ 25 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 5 കോടി രൂപയിൽ കവിയാത്തതുമായ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങൾക്ക് (സ്മോൾ എന്റർപ്രൈസസ്) ലൈസൻസ് ഫീസിനത്തിൽ പരമാവധി ഈടാക്കാവുന്ന തുക 5000/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ടി കാറ്റഗറിയിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീസായി ഈടാക്കുന്ന തുക സംബന്ധിച്ച വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല. പഞ്ചായത്തിലെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ, 7/269 എന്ന കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പാദുവ ആശുപത്രിക്ക് 12.04.2021-ലെ സി4/134/1156/2021-22 നമ്പർ പ്രകാരം ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ലൈസൻസ് ഫീസിനത്തിൽ 2000/- രൂപയാണ് ഈടാക്കിയിട്ടുള്ളത്. ലൈസൻസ് ലഭ്യമാകുന്നതിന് നൽകിയ അപേക്ഷയോടൊപ്പം ടി ആശുപത്രി പ്രവർത്തിക്കുന്നതിന് കേരള മലിനീകരണ നിയന്ത്രണബോർഡിൽ നിന്നുള്ള 09.03.2019-ലെ PCB/TSR/IC/7892/2016 നമ്പർ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. പ്രസ്തുത സർട്ടിഫിക്കറ്റിൽ മൂലധന നിക്ഷേപം 75.87 ലക്ഷം രൂപയായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സേവന മേഖലയിൽ 25 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 5 കോടി രൂപയിൽ കവിയാത്തതുമായ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങൾക്ക് പഞ്ചായത്തിൽ ഈടാക്കുന്ന ഫീസ് സംബന്ധിച്ച് മറുപടി ലഭ്യമാക്കാത്തതിനാൽ മേൽ സ്ഥാപനത്തിന്റെ ലൈസൻസ് ഫീസ് പൂർണ്ണമായും അടവാക്കിയെന്നു കരുതുക സാധ്യമല്ല.
മേൽ സർക്കാർ ഉത്തരവ് പ്രകാരം സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നിരക്ക് നിശ്ചയിച്ചിട്ടുള്ള ഭരണസമിതി തീരുമാനം എടുക്കേണ്ടതും ആയതുപ്രകാരമുള്ള ലൈസൻസ് ഫീസ് എല്ലാ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കേണ്ടതുമാണ്.

## 1-12 റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നീ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.149 പ്രകാരം റേഷൻ കടകൾ, ക്രമ നം.139 പ്രകാരം അബ്കാരി ഷാപ്പുകൾ എന്നിവയ്ക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ 2021-22 സാമ്പത്തികവർഷത്തെ FTEAOS ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ മേൽ പരാമർശിച്ച സ്ഥാപനങ്ങളെല്ലാം തന്നെ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. ആയതിനാൽ അന്തിക്കാട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവയുടെ എണ്ണം, 2021-22 സാമ്പത്തിക വർഷത്തിൽ ടി സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ, തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/01.02.2023), ലൈസൻസ് എടുക്കുന്നതിനു വേണ്ടി റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവയുടെ ഉടമസ്ഥർക്ക് കത്ത് കൈമാറിയിട്ടുണ്ടെന്നും നടപ്പു സാമ്പത്തിക വർഷത്തെ ലൈസൻസ് ഫീസ് അടവാക്കുന്ന മുറക്ക് രേഖകൾ ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മേൽ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 പഞ്ചായത്തിലെ അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ് (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204). ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാരിൽ നിന്നും പരമാവധി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തികവർഷത്തെ തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്റർ, അസി. എഞ്ചിനീയർ ലഭ്യമാക്കിയ

എഗ്രിമെന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ത.സ്വ.ഭ.വ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1. | സ്മിത വി ആർ |
| 2. | സെബാസ്റ്റ്യൻ മേച്ചേരിപ്പടി |
| 3. | ഹരീഷ് കുമാർ എ |
| 4. | വിനോദ് പി |
| 5. | ജോൺ ബോസ്കോ വി ജെ |

മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും തുക ഈടാക്കുകയോ അഥവാ അവർ മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുകയോ ചെയ്യുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/02.02.2023), മേൽ പട്ടികയിലെ കരാറുകാർക്കെല്ലാം തൊഴിൽ നികുതി ഈടാക്കുന്നതിന് അറിയിപ്പു നൽകിയിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ജോൺ ബോസ്കോ വി. ജെ എന്നവർ, 03.02.2023-ന് 12201041085 നമ്പർ രസീതായി 2500/- രൂപ അടവാക്കിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ പട്ടികയിൽ പരാമർശിച്ചിട്ടുള്ള ബാക്കി കരാറുകാരിൽ നിന്നും അവരുടെ വരുമാനത്തിനനുസൃമായി തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ് (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ, പഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിരിക്കുന്ന കള്ളുഷാപ്പുകൾ, 2021-22 ആദ്യ അർദ്ധവർഷത്തെ സ്ഥാപന തൊഴിൽ നികുതിയോ ജീവനക്കാരുടെ തൊഴിൽ നികുതിയോ ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | പുലാമ്പുഴ ഷാപ്പ് |
| 2 | പടിയം ഷാപ്പ് |
| 3 | കുറുക്കത്തറ ഷാപ്പ് |
| 4 | മുറ്റിച്ചൂർ ഷാപ്പ് |
| 5 | ചെടയനാട് ഷാപ്പ് |
| 6 | അന്തിക്കാട് കടവ് ഷാപ്പ് |
| 7 | അന്തിക്കാട് മെയിൻ ഷാപ്പ് |
| 8 | പുത്തൻകോലോത്ത് കടവ് ഷാപ്പ് |
| 9 | ഇരിമ്പ്രയൂർ ഷാപ്പ് |

പ്രസ്തുത സ്ഥാപനങ്ങൾ 2021-22 ആദ്യ അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (15/02.02.2023) നൽകുകയും ആയതിനെ തുടർന്ന് മേൽ സ്ഥാപനങ്ങളിൽ നിന്ന് താഴെ കൊടുത്തിരിക്കും പ്രകാരം തൊഴിൽ നികുതി ഈടാക്കിയതായി മറുപടി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

| രസീത് നമ്പർ | തീയതി | ഈടാക്കിയ തൊഴിൽ നികുതി | പിഴപ്പലിശ | ആകെ തുക |
|---|---|---|---|---|
| 1220104105 | 04.02.2023 | 11250 (സ്ഥാപന തൊഴിൽ നികുതി) | 1800 | 13050 |
| 1220104102 | 04.02.2023 | 11250 (ജീവനക്കാരുടെ തൊഴിൽ നികുതി) | 1800 | 13050 |
| ആകെ | | | | **26100** |

## 1-15 വസ്തു നികുതി ഈടാക്കുന്നില്ല

പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ FATEOS ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ, 7-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന 269 നമ്പർ കെട്ടിടത്തിൽ പാദുവ ഹോസ്പിറ്റൽ എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. ഫാക്ടറി/വ്യാപാരം/സംരഭകത്വം മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ്, കെ.പി.ആർ ആക്റ്റ് സെക്ഷൻ 232, IFTE & OS ലൈസൻസ് ചട്ടങ്ങൾ 1996 എന്നിവ അനുസരിച്ച്, 12/04/2021-ലെ C4/134/1156/2021-22 നമ്പർ ലൈസൻസ് പ്രകാരം ടി സ്ഥാപനത്തിന് പഞ്ചായത്തിൽ നിന്ന് ലൈസൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203 ആം വകുപ്പ്, 2 ഉം 5 ഉം ഉപവകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചു കേരള സർക്കാർ ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗക്രമത്തിനനുസരിച്ചു ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ, 2011 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരം പഞ്ചായത്തിൽ ആശുപത്രി വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് അന്തിക്കാട് ഗ്രാമ പഞ്ചായത്തിൽ ചതുരശ്ര മീറ്ററിന് 8 രൂപ നിരക്കിലാണ് വസ്തുനികുതി നിർണ്ണയിക്കുന്നത്. സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ 7/269 നമ്പറിലുള്ള കെട്ടിടത്തിന് 40 ച. മീ മാത്രമാണ് വിസ്തീർണ്ണമുള്ളത്. ടി കെട്ടിടം പാദുവ ആശുപത്രി കാർട്ടേഴ്സ് ആയിട്ടാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്തിലെ ആശുപത്രി കാറ്റഗറിയിലുള്ള കെട്ടിടങ്ങളുടെ ലിസ്റ്റ് പരിശോധിച്ചതിൽ പ്രസ്തുത ആശുപത്രി പ്രവർത്തിക്കുന്ന കെട്ടിടം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. പഞ്ചായത്തിലെ 7-ാം വാർഡിൽ പ്രവർത്തിക്കുന്ന പാദുവ ആശുപത്രി എന്ന സ്ഥാപനത്തിന് സഞ്ചയയിൽ നൽകിയിരിക്കുന്ന കെട്ടിട നമ്പർ, ടി കെട്ടിടത്തിന്റെ നികുതി അസ്സസ്സ്മെന്റ് ചെയ്തിട്ടുള്ള ഫോം-6 ന്റെ പകർപ്പ് എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/03.02.2023), പാദുവ ആശുപത്രി അനുബന്ധ കെട്ടിടങ്ങളുടെ ഫോം-6 ന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | തറ വിസ്തീർണ്ണം(ച.മീ) | ഈടാക്കുന്ന നികുതി |
|---|---|---|---|
| 7/268 | പ്രൊവിൻഷ്യൽ സുപ്പീരിയർ, പാദുവ എഫ്. സി കോൺവെന്റ് | 1230 | നികുതി ഒഴിവാക്കപ്പെട്ട കെട്ടിടം |
| 7/269 | പാദുവ ആശുപത്രി ക്വാട്ടേഴ്സ് | 40 | 233 |
| 7/270 | പാദുവ ആശുപത്രി ക്വാട്ടേഴ്സ് | 40 | 269 |

മേൽ പട്ടികയിലെ 7/268 നമ്പർ കെട്ടിടത്തിലാണ് ആശുപത്രി പ്രവർത്തിക്കുന്നതായി മറുപടി നൽകിയിട്ടുള്ളത്. എന്നാൽ ടി കെട്ടിടം സഞ്ചയയിൽ നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ കാറ്റഗറിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത കെട്ടിടത്തെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയതിന് ആധാരമായ ഉത്തരവ് ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നാളിതുവരെയുള്ള വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 സാമൂഹ്യ സുരക്ഷാ പെൻഷൻ-അപാകതകൾ

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2021 വർഷത്തിലെ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല (ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു).

| നം. | പേര് | മരണപ്പെട്ട തീയതി | പെൻഷൻ ഐ.ഡി | പെൻഷൻ തരം | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|---|
| 1 | കാർത്ത്യായനി | 07.04.21 | 107600600403 | ഇന്ദിരാഗാന്ധി വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് |
| 2 | ജോയ് | 24.05.21 | 107600202447 | ഇന്ദിരാഗാന്ധി വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് |

| | | | | | |
|---|---|---|---|---|---|
| 3 | രാധാമണി | 01.06.2021 | 107600200251 | ഇന്ദിരാഗാന്ധി വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് |
| 4 | സരോജിനി രാമൻകുട്ടി | 17.03.21 | 107600200822 | ഇന്ദിരാഗാന്ധി വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് |
| 5 | അരവിന്ദാക്ഷൻ | 03.06.21 | 107600200569 | ഇന്ദിരാഗാന്ധി വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് |
| 6 | വിജയൻ മേനോൻ | 19.06.21 | 107600201516 | ഇന്ദിരാഗാന്ധി വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് |
| 7 | രാജൻ കെ. എ | 22.08.21 | 107600200879 | ഇന്ദിരാഗാന്ധി വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് |
| 8 | ജേക്കബ് സി. വി | 10.09.21 | 107600201012 | ഇന്ദിരാഗാന്ധി വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് |
| 9 | ജമീല ഹൈഡ്രോസ് | 08.09.21 | 107600100243 | കർഷക തൊഴിലാളി പെൻഷൻ | ആക്ടീവ് |
| 10 | ചന്ദ്രിക എം. കെ | 11.09.21 | 107600200767 | ഇന്ദിരാഗാന്ധി വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് |
| 11 | തങ്ക | 09.08.21 | 107600400021 | ഇന്ദിരാഗാന്ധി ഡിസ്സെബിലിറ്റി പെൻഷൻ ശാരീരികം | ആക്ടീവ് |
| 12 | കെ. സി ജോൺ | 30.11.21 | 107600202291 | ഇന്ദിരാഗാന്ധി വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് |
| 13 | ജഗതി | 24.11.21 | 107600201627 | ഇന്ദിരാഗാന്ധി വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് |

2. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2021 വർഷത്തിലെ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിട്ടുണ്ട്.

| ക്രമ നം. | പേര് | പെൻഷൻ ഐ.ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ/ തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കാലയളവ് | തുക | ആകെ | |
| 1 | കാർത്ത്യായനി | 107600600403 | ഇന്ദിരാ ഗാന്ധി വാർദ്ധക്യ കാല പെൻഷൻ | 07.04.21 | 34/2021 22.04.21 | ആക്ടീവ് | 5/21 – 11/22 | 1600 | 30400 | 30400 |
| 2 | ജോയ് സി. ഡി | 107600202447 | വാർദ്ധക്യ കാല പെൻഷൻ | 31.05.21 | 56/2021 24.5.2021 | ആക്ടീവ് | 6/21 – 11/22 | 1600 | 28800 | 28800 |
| 3 | രാധാമണി | 107600200251 | വാർദ്ധക്യ കാല പെൻഷൻ | 01.06.21 | 61/2021 09.06.2021 | ആക്ടീവ് | 7/21 – 11/22 | 1600 | 27200 | 27200 |
| 4 | സരോജിനി രാമൻകുട്ടി | 107600200822 | വാർദ്ധക്യ കാല | 17.03.21 | 63/2021 09.06.2021 | ആക്ടീവ് | 04/21- 11/22 | 1600 | 32000 | 32000 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | പെൻഷൻ | | | | | | | |
| 5 | അരവിന്ദാക്ഷൻ | 107240200156 | വാർദ്ധക്യ കാല പെൻഷൻ | 03.06.21 | 71/2021 28.06.2021 | ആക്ടീവ് | 07/21-11/22 | 1600 | 27200 | 27200 |
| 6 | വിജയൻ മേനോൻ | 107600201516 | വാർദ്ധക്യ കാല പെൻഷൻ | 19.06.21 | 98/2021 26.07.2021 | ആക്ടീവ് | 7/21 – 11/22 | 1600 | 27200 | 27200 |
| 7 | രാജൻ കെ. എ | 107600200879 | വാർദ്ധക്യ കാല പെൻഷൻ | 22.08.21 | 118/21 13.09.2021 | ആക്ടീവ് | 09/21-11/22 | 1600 | 24000 | 24000 |
| 8 | ജേക്കബ് സി. വി | 107600201012 | വാർദ്ധക്യ കാല പെൻഷൻ | 10.09.21 | 120/21 തീയതി ലഭ്യമല്ല | ആക്ടീവ് | 10/21 – 11/22 | 1600 | 22400 | 22400 |
| 9 | ജമീല ഹൈദ്രോസ് | 107600100243 | കർഷക തൊഴിലാളി പെൻഷൻ | 08.09.21 | 121/21 23.09.21 | ആക്ടീവ് | 10/21 – 11/22 | 1600 | 22400 | 22400 |
| 10 | ചന്ദ്രിക എം. കെ | 107600200767 | വാർദ്ധക്യ കാല പെൻഷൻ | 11.09.21 | 123/21 25.09.21 | ആക്ടീവ് | 10/21-11/22 | 1600 | 22400 | 22400 |
| 11 | തങ്ക | 107600400021 | ഡിസ്സെബിലിറ്റി പെൻഷൻ ശാരീരികം | 09.08.21 | 172/21 13.12.21 | ആക്ടീവ് | 09/21-11/22 | 1600 | 24000 | 24000 |
| 12 | കെ. സി ജോൺ | 107600202291 | വാർദ്ധക്യ കാല പെൻഷൻ | 30.11.21 | 174/21 17.12.21 | ആക്ടീവ് | 12/21-11/22 | 1600 | 19200 | 19200 |
| 13 | ജഗതി | 107600201627 | വാർദ്ധക്യ കാല പെൻഷൻ | 24.11.21 | 175/21 17.12.21 | ആക്ടീവ് | 12/21-11/22 | 1600 | 19200 | 19200 |
| 14 | ജോസ്ഫീന | 107600600668 | വാർദ്ധക്യ കാല പെൻഷൻ | 04.01.21 | 14/21 23.02.21 | സസ്പെൻഡ് | 02/21-07/21 | 1600 | 9600 | 9600 |
| 15 | ബാലകൃഷ്ണൻ വി. എസ് | 107600201051 | വാർദ്ധക്യ കാല പെൻഷൻ | 07.03.21 | 30/21 31.03.21 | സസ്പെൻഡ് | 04/21-05/22 | 1600 | 22400 | 22400 |
| 16 | അമ്മിണി | 107600600605 | വിധവാ പെൻഷൻ | 11.05.21 | 53/21 31.05.21 | സസ്പെൻഡ് | 06/21-05/22 | 1600 | 19200 | 19200 |
| 17 | ഷൺമുഖൻ എ. കെ | 107600201682 | വാർദ്ധക്യ കാല പെൻഷൻ | 25.05.21 | 86/21 06.07.21 | സസ്പെൻഡ് | 06/21-04/22 | 1600 | 17600 | 17600 |
| 18 | ധർമ്മപാലൻ | 107600201330 | വാർദ്ധക്യ കാല പെൻഷൻ | 02.09.21 | 124/21 തീയതി ലഭ്യമല്ല | സസ്പെൻഡ് | 10/21-11/22 | 1600 | 22400 | 22400 |
| 19 | ഗോകുലൻ | 107600202248 | വാർദ്ധക്യ കാല പെൻഷൻ | 21.11.21 | 167/21 04.12.21 | സസ്പെൻഡ് | 12/21-8/22 | 1600 | 14400 | 14400 |
| ആകെ അധികം നൽകിയ തുക | | | | | | | | | | **432000** |

3. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2021 വർഷത്തിലെ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ പോർക്കുളം പഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ട താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മറ്റു പ്രാദേശിക സർക്കാർ/ക്ഷേമനിധി ബോർഡ് മുഖേന മരണശേഷവും പെൻഷൻ നൽകിയിട്ടുണ്ട്.

| ക്രമ നം. | പേര് | പെൻഷൻ ഐ.ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ/ തീയതി | നിലവിലെ സ്റ്റാറ്റസ് | പ്രാദേശിക സർക്കാർ/ ക്ഷേമനിധി ബോർഡ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാലയളവ് | തുക | ആകെ | |
| 1 | ശംഭു എമ്പ്രാന്തിരി | 108550200157 | വാർദ്ധക്യ കാല പെൻഷൻ | 07.02.21 | 28/2021 16.02.21 | സസ് പെൻഡ് | കുഴൽമന്ദം ഗ്രാമ പഞ്ചായത്ത് | 3/21 – 12/21 | 1600 | 16000 | 16000 |
| 2 | രാമദേവൻ | 107660200199 | വാർദ്ധക്യ കാല | 09.04.21 | 44/2021 17.05.21 | ആക്ടീവ് | പാറളം ഗ്രാമ | 5/21 – 11/22 | 1600 | 30400 | 30400 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | പെൻഷൻ | | | | പഞ്ചായത്ത് | | | | |
| 3 | ഗോവിന്ദൻ | 107550200645 | വാർദ്ധക്യ കാല പെൻഷൻ | 29.06.21 | 94/2021 19.07.21 | ആക്ടീവ് | ഏങ്ങണ്ടിയൂർ ഗ്രാമ പഞ്ചായത്ത് | 7/21 – 11/22 | 1600 | 27200 | 27200 |
| 4 | രാമചന്ദ്രൻ എൻ. ആർ | 2220260009 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 22.08.21 | 111/2021 09.09.21 | ആക്ടീവ് | Agriculture Office Anthikkad | 9/21 – 11/22 | 1600 | 24000 | 24000 |
| 5 | ജഗതി | 2220260050 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 24.11.2021 | 175/2021 17.12.21 | ആക്ടീവ് | Agriculture Office Anthikkad | 12/21 – 11/22 | 1600 | 19200 | 19200 |
| ആകെ അധികം നൽകിയ തുക | | | | | | | | | | | 116800 |

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(18/03.02.2023), സേവന സോഫ്റ്റ് വെയറിൽ പെൻഷൻ ആക്റ്റീവ് ആയിട്ടുള്ളവരുടെ അക്കൗണ്ടുകൾ സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മരണശേഷം അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത തുക തിരികെ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അന്തിക്കാട് ഗ്രാമ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തതും മറ്റു പഞ്ചായത്ത്/ ക്ഷേമനിധി ബോർഡ് മുഖേന പെൻഷൻ കൈപ്പറ്റി വരുന്ന പെൻഷൻ സസ്പെൻഡ് ചെയ്യാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ അതാത് ഓഫീസുകളിൽ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

4. സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവരിൽ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുള്ളവരുടെ വിവരങ്ങൾ പഞ്ചായത്ത് ഡയറക്ടറുടെ PAN/2566/2020-DBT1(DP) തീ: 4.3.2021. കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ അന്തിക്കാട് ഗ്രാമപഞ്ചായത്തിലെ താഴെ കൊടുത്തിരിക്കുന്ന വ്യക്തികൾ ഉൾപ്പെട്ടിട്ടുള്ളതാണ്.

| ക്രമ നം. | പേര് | പെൻഷൻ ഐഡി |
|---|---|---|
| 1 | സരോജിനി | 107600201879 |
| 2 | വള്ളിയമ്മ | 107600201899 |
| 3 | അരവിന്ദാക്ഷപ്പണിക്കർ വി | 107600201961 |
| 4 | കൗസല്യ കെ ഡി | 107600500032 |
| 5 | രമണി വി എസ് | 107600601139 |
| 6 | മിഥുല കെ എച്ച് | 107600601287 |

മേൽ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(18/03.02.2023), പ്രസ്തുത ഗുണഭോക്താക്കൾക്ക് അനർഹമായി നൽകിയ തുക തിരിച്ചടക്കാൻ കത്ത് നൽകിയിരുന്നുവെന്നും തിരിച്ചടക്കാത്തവരുടെ തുക തിരികെ ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് ലിസ്റ്റ് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാരിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്.)നം.97/2020/ധന ഉത്തരവ് ഖണ്ഡിക സി(12) പ്രകാരം മരണപെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അംഗനവാടി /ആശാ വർക്കർമാർ മുഖാന്തരം ശേഖരിച്ചു അതാതു മാസം പെൻഷൻ ഡാറ്റ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്നു വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അന്തിക്കാട് ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും എന്നാൽ, മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പററുന്നുവരുമായവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതും അന്തിക്കാട് ഗ്രാമപഞ്ചായത്തിൽ അനർഹമായി നൽകിയ 422400/- രൂപ എത്രയും വേഗം തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ

പഞ്ചായത്തിൽ അർഹരായ ഗുണഭോക്താക്കൾ മാത്രമാണ് ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നത് എന്ന് ഉറപ്പ് വരുത്തന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതു സംബന്ധിച്ചും ക്രമ നമ്പർ (4) ൽ പരാമർശിച്ച വ്യക്തികളിൽ നിന്നും അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കിയതിന്റെ വിവരവും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 തനതു ഫണ്ടുകൾ സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള പലിശ ലഭിക്കുന്നില്ല

2021-22 സാമ്പത്തിക വർഷത്തെ പഞ്ചായത്തിന്റെ താഴെ കൊടുത്തിരിക്കുന്ന തനതു ഫണ്ട് ബാങ്ക് അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ തൻവർഷം ബാങ്ക് പലിശയൊന്നും തന്നെ ലഭ്യമായതായി കാണുന്നില്ല. പ്രസ്തുത ബാങ്ക് അക്കൗണ്ടിന്റെ പലിശ നിരക്ക് 0 % ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നം. | ബാങ്ക് | ബ്രാഞ്ച് | അക്കൗണ്ട് നം. |
|---|---|---|---|
| 1 | തൃശ്ശൂർ ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് | അന്തിക്കാട് | 10717033198 |

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(24/04.02.2023), ടി ബാങ്ക് അക്കൗണ്ട് 17.09.2008 തീയതിയിലാണ് ആരംഭിച്ചതെന്നും 2022-23 സാമ്പത്തിക വർഷം മുതൽ പലിശ ലഭിക്കുന്നുണ്ടെന്നും നാളിതു വരെ 95,391/- രൂപ പലിശയിനത്തിൽ ലഭിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം 31.03.2022 തീയതിയിൽ 68,31,989/- രൂപ നീക്കിയിരുപ്പുള്ളതാണ്. 2022-23 സാമ്പത്തിക വർഷത്തെ ആദ്യ പകുതിയിൽ നിന്നു മാത്രം 95,391/- രൂപ പലിശയിനത്തിൽ ലഭ്യമായിട്ടുള്ളതിനാൽ വർഷംതോറും പലിശയിനത്തിൽ വലിയ തുകയാണ് വരുമാന നഷ്ടം സംഭവിക്കുന്നത് എന്നു കാണാവുന്നതാണ്. അന്തിക്കാട് തൃശ്ശൂർ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക് അധികൃതരുമായി ബന്ധപ്പെട്ട് അക്കൗണ്ട് ആരംഭിച്ച തീയതി മുതൽ അർഹതപ്പെട്ട പലിശ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന മൊബൈൽ ടവറുകൾക്ക് വസ്തു നികുതിയിനത്തിൽ കുടിശ്ശികയുള്ളതായി കാണുന്നു.

| ക്രമ നം. | മൊബൈൽ ടവർ നമ്പർ | പേര് | വിസ്തീർണ്ണം (ച.മീ) | വാർഷിക വസ്തു നികുതി (ലൈബ്രറി സെസ്സും സർവീസ് സെസ്സും ഉൾപ്പടെ) | വസ്തു നികുതി കുടിശ്ശികയുള്ള വർഷങ്ങൾ | 2022 രണ്ടാം അർദ്ധവർഷം വരെ കിട്ടാനുള്ള തുക (പിഴപ്പലിശ കൂടാതെ) |
|---|---|---|---|---|---|---|
| 1 | 7/486 B | എയർസെൽ ഡിഷ്നെറ്റ് വയർലെസ് | 15 | 9900 | 2013 First Half – 2022 Second Half | 99000 |
| 2 | 7/576 A | റിലയൻസ് ഇൻഫ്രാ ലിമിറ്റഡ് | 15 | 9900 | 2018 First Half-2022 Second Half | 49500 |
| 3 | 8/285 A | അസ്സന്റ് ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് | 15 | 9900 | 2021 First Half-2022 Second Half | 19800 |
| 4 | 15/258 A | ബി.എസ്.എൻ.എൽ ടവേഴ്സ് | 7.29 | 4412 | 2013 First Half – 2022 Second Half | 44120 |

പട്ടികയിലെ ക്രമ നമ്പർ 1, 4 എന്നീ മൊബൈൽ ടവറുകൾ 10 വർഷത്തോളമായി വസ്തുനികുതി അടവാക്കിയിട്ടില്ല. പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ റവന്യൂ റിക്കവറി രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ മേൽ സ്ഥാപനങ്ങൾക്കെല്ലാമെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതായി കാണാൻ കഴിഞ്ഞു. ടി സ്ഥാപനങ്ങളിൽ നിന്നും നാളിതുവരെയുള്ള വസ്തു നികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 പ്രവർത്തനകലണ്ടർ കരാറിനൊപ്പം ഉൾപ്പെടുത്തുന്നില്ല

കേരള PWD മാന്വൽ പ്രകാരം മരാമത്ത് പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം കരാറുകാരൻ പ്രവൃത്തി പൂർത്തീകരണ സമയം നീട്ടി നൽകുന്നതിന് അസിസ്റ്റന്റ്

എഞ്ചിനീയർ മുഖേന അപേക്ഷ നൽകേണ്ടതാണ് എന്നും ഇതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ രേഖകൾ പരിശോധിച്ച് കരാറുകാരന്റെ വീഴ്ച മൂലമല്ല പ്രവൃത്തി വൈകിയത് എങ്കിൽ പിഴ കൂടാതെയും, പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയത് എങ്കിൽ നിശ്ചിത നിരക്കിൽ പിഴ ഈടാക്കിയും പ്രവൃത്തി പൂർത്തീകരണ കാലയളവ് നീട്ടി നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നിശ്ചിത സമയത്തിനകം അപേക്ഷ നൽകാത്ത പ്രവൃത്തി കരാർ മുൻപ് അംഗീകരിച്ച സമയത്ത് അവസാനിക്കുന്നതാണ്. കരാറുകാരന്റെ കാരണത്താലുള്ള വൈകൽമൂലം പ്രവൃത്തി അവസാനിപ്പിക്കുന്ന അവസരത്തിൽ ടെർമിനേഷൻ സമയത്ത് ഈടാക്കേണ്ട നിരക്കിൽ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കേണ്ടതാണ് എന്നും PWD മാന്വലിൽ നിർദ്ദേശിച്ചിട്ടുണ്ട് (PWD Manual 2112, 2112.1). അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ മേല്പറഞ്ഞ പ്രകാരമുള്ള നടപടികൾ പാലിയ്ക്കാത്തതായി കാണുന്നു.

കൂടാതെ സാങ്കേതികാനുമതി പ്രകാരമുള്ള പൂർത്തീകരണകാലാവധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതായി കാണുന്നു. കരാർ ഉടമ്പടിയുടെ ഭാഗമായി പ്രവർത്തന കലണ്ടർ വെയ്ക്കാത്തതിനാൽ കരാർ പ്രകാരമുള്ള പൂർത്തീകരണകാലാവധിയ്ക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിയ്ക്കുന്നുണ്ടോയെന്നത് പരിശോധിയ്ക്കാനാവുന്നില്ല. പ്രവർത്തന കലണ്ടർ കരാറിനൊപ്പം ഉൾപ്പെടുത്തി ആയതുപ്രകാരം പ്രവൃത്തി പൂർത്തീകരിയ്ക്കുന്നുവെന്ന് ഉറപ്പു വരുത്തുകയും വൈകുന്ന അവസരത്തിൽ ആയതിനുള്ള പിഴ ഈടാക്കുവാനും ശ്രദ്ധിയ്ക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.16/02.02.2023). ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി കോവിഡിനെത്തുടർന്നാണ് പ്രവൃത്തികൾ പൂർത്തീകരിയ്ക്കുവാൻ കാലതാമസമുണ്ടായതെന്നും കരാറുടമ്പടിയുടെ ഭാഗമായി വരുന്ന പ്രവർത്തനകലണ്ടർ തുടർവർഷങ്ങളിൽ ഫയലിൽ ഉൾപ്പെടുത്തുന്നതാണെന്നും അറിയിച്ചു. തുടർവർഷങ്ങളിൽ അപാകതകൾ ആവർത്തിയ്ക്കാതിരിയ്ക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-20 സാന്ത്വന പരിചരണം-മരുന്നും, ഉപകരണങ്ങളും ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് – സാന്ത്വന പരിചരണം (88/22)

നിർവ്വഹണം – മെഡിക്കൽ ഓഫീസർ, സി.എച്ച്.സി

മേൽ പദ്ധതിയുടെ ഭാഗമായി മരുന്നും, ഉപകരണങ്ങളും ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷന് (കെ.എം.സി.എൽ) താഴെപറയും പ്രകാരം തുക നൽകിയിട്ടുണ്ട്. തുക നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രഫോർമ ഇൻവോയിസ് നമ്പർ / തീയ്യതി | വൗച്ചർ നമ്പർ/ തീയ്യതി | തുക |
|---|---|---|---|
| 1 | PRF6653/07.3.22 | 22100685/14.3.22 | 63480 |
| | PRF6726/09.3.22 | 22100685/14.3.22 | 6000 |
| 2 | PRF6725/09.3.22 | 22100510/26.3.22 | 100000 |
| 3 | PRF3507/23.11.21 | 22100509/26.3.22 | 51645(200000 രൂപയിൽ 148355 രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട്) |
| | **ആകെ** | | **2,21,125** |

കെ.എം.എസ്സ്.സി.എൽ നിന്നും മരുന്നുകൾ ലഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നതായി ഓഡിറ്റ് എൻക്വയറി നമ്പർ 11/01.2.2023 നുള്ളമറുപടിയിൽ അറിയിച്ചിട്ടുണ്ട്. വഇനി ലഭിക്കാനില്ല മരുന്നും, ഉപകരണങ്ങളും ലഭ്യമാക്കി ആയവ സ്റ്റോക്കിലെടുത്ത് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-21 ഹോമിയോ ഡിസ്പെൻസറിയ്ക്കു മരുന്നും അനുബന്ധ ഉപകരണങ്ങളും

പ്രോജക്ട് – ഹോമിയോ ഡിസ്പെൻസറിയ്ക്കു മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ (42/22)

നിർവ്വഹണം – മെഡിക്കൽ ഓഫീസർ, ഹോമിയോ

ഹോമിയോ ഡിസ്പൻസറിയ്ക്കു മരുന്നും അനുബന്ധ ഉപകരണങ്ങളും നൽകുന്നതിനായി HOMCOയ്ക്കു ട്രഷറി ബിൽ നമ്പർ 01/21-22/26.11.22 പ്രകാരം 250000/- രൂപ നൽകിയതിൽ 72986/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാനുണ്ട്. ടി മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-22 അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി-ബ്ലോക്ക് വിഹിതം ചെലവായി വാർഷികകണക്കിലും ചെലവ് പത്രികയിലും ഉൾപ്പെട്ടിട്ടില്ല

പ്രോജക്ട് - അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി (ജനറൽ-16/22)

നിർവ്വഹണം –ഐ.സി.ഡി.എസ് സൂപ്പർവൈസർ (ചെലവ് വാർഷിക കണക്കിൽ ഉൾപ്പെടാത്തതു സംബന്ധിച്ച്)

ടി പദ്ധതി പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള അങ്കണവാടികൾക്ക് നൽകുന്നതിനായി മാവേലി സ്റ്റോറിൽ നിന്നും ഇഷ്യു നമ്പർ 0801102/21857 തീ. 01.01.22, തുക-144752/- പ്രകാരം വാങ്ങിയ സാധനങ്ങളുടെ വിലയായ 100000/- രൂപ ബ്ലോക്ക് വിഹിതിൽ നിന്നും മാവേലി സ്റ്റോറിന്റെ ഫെഡറൽ ബാങ്ക് അക്കൗണ്ടിലേക്ക് (18670200000776) 26/3/22 ന് നൽകിയിട്ടുണ്ട്. ടി തുക പഞ്ചായത്തിന്റെ വാർഷിക കണക്കിലെ സംയുക്ത പദ്ധതി (Joint Venture) കളുടെ ശീർഷകത്തിൽ (160300202, 160300201) വരുവമാനമായോ ബന്ധപ്പെട്ട ചെലവ് ശീർഷകത്തിൽ (251160002 Anganwadi Nutrition) ചെലവായോ ഉൾപ്പെട്ടിട്ടില്ല, ടി തുക ഓഡിറ്റിന് ലഭ്യമാക്കിയ സുലേഖ ചെലവ് പത്രികയിലും ചെലവായി ഉൾപ്പെട്ടിട്ടില്ല. ഈ അപാകത സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 27/4.2.23)

## 1-23 അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രൊജക്ടുകൾ-പൊതു അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന പൊതു അപാകങ്ങളുണ്ട്.

1. റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല. 2021-22 ൽ പ്രൊജക്ട് നം. 154/22 ആയി 45000/- രൂപ അടങ്കലിൽ (തനത് ഫണ്ട് ) പ്രൊജക്ട് വച്ചെങ്കിലും ചെലവഴിച്ചിട്ടില്ല.

GO (Ms) 11/2018/Lsgd Dt. 29.01.2018 പ്രകാരം പദ്ധതിയുടെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെ അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

4. രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.01.2017-ലെ ഇ7/11350/2015/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് ഓഫീസുകളിൽ വിവിധ രജിസ്റ്ററുകൾ സൂക്ഷിക്കാൻ നിർദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് എഞ്ചിനീയറിംഗ് ഓഫീസിൽ ഇവ പൂർണ്ണമായി എഴുതി സൂക്ഷിക്കുന്നില്ല.

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങൾ കാഷ്ബുക്കിൽ ചേർത്തിട്ടില്ല.
പ്രൊജക്ട് രജിസ്റ്റർ, സെക്യൂരിറ്റി രജിസ്റ്റർ തുടങ്ങിയ രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5. പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല.

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല.
ഓഡിറ്റ് എൻക്വയറി നം. 05/31.01.2023 ന് മറുപടിയായി റോഡ് മാപ്പിംഗ് പൂർത്തിയായിട്ടുണ്ടെന്നും ആർ ട്രാക്ക് മുഖാന്തിരം നടത്തിയ മാപ്പ് കൈമാറുന്നതിന് നിർദേശം നൽകിയിട്ടും മാപ്പ് ലഭ്യമായിട്ടില്ലെന്നും അറിയിച്ചു. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് 2022-23-ൽ പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ടെന്നും അറിയിച്ചു. മറ്റ് അപാകതകൾ പരിഹരിക്കുന്നതാണെന്നും അറിയിച്ചു. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-24 ഇ-ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ ലഭിച്ചിട്ടില്ല

ഇ-ടെണ്ടറിൽ ടെണ്ടർ ഫീ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നത് ഒഴിവാക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകിയുള്ള 02.10.2017 ലെ GO(Rt) 3186/2017/ LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 04.09.2020 മുതൽ ഇത്തരത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. (നം.38167587064, SBI, കാഞ്ഞാണി). ഇതിനു മുമ്പ് 2014 മുതൽ 2019 വരെ പഞ്ചായത്തിൽ

ഇ-ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ വരവ് വന്ന തുക 2,72,168/- രൂപ നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല (ഓഡിറ്റ് എൻക്വയറി നം.6/31.03.2023). ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ലഭിക്കാനുള്ള തുക എത്രയും പെട്ടെന്ന് വാങ്ങി നൽകുന്നതാണെന്നും അറിയിച്ചു. ആയത് ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-25 തൊഴിലുറപ്പ് പദ്ധതി-അളവുപുസ്തകത്തിന്റെ സ്റ്റോക്ക് എഴുതി സൂക്ഷിക്കുന്നില്ല

പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വിവിധ തീയ്യതികളിലായി 120 അളവു പുസ്തകങ്ങൾ തൊഴിലുറപ്പ് പദ്ധതിക്കായി നൽകിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 02.05.21 | 30 |
| 15.06.21 | 35 |
| 05.07.21 | 30 |
| 24.08.21 | 25 |
| **ആകെ** | **120** |

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നിന്നും അളവു പുസ്തകങ്ങളുടെ സ്റ്റോക്ക് എവിടെയും രേഖപ്പെടുത്തുന്നതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിക്കുന്ന അളവുപുസ്തകങ്ങളുടെ സ്റ്റോക്ക് രജിസറ്റർ എഴുതി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-26 ദുരിതാശ്വാസ നിധി രൂപീകരണം സംബന്ധിച്ച്.

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിരധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്.

ചട്ടം 4(3) പ്രകാരം നിധിയിലേക്ക് ധനം സമാഹരിക്കുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിനും നിധിയിൽ നിന്നുള്ള ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിക്കുന്നതിനും തീരുമാനം എടുക്കുന്നതിനുമായി പ്രസിഡന്റും, ഗ്രാമപഞ്ചായത്തംഗങ്ങൾക്കിടയിൽനിന്ന് തെരഞ്ഞെടുക്കുന്ന ഒരംഗവും സെക്രട്ടറിയുമടങ്ങുന്ന പഞ്ചായത്തിന്റെ ഒരു സബ്കമ്മിറ്റി ഉണ്ടായിരിക്കേണ്ടതും പ്രസിഡന്റ് പ്രസ്തുത കമ്മിറ്റിയുടെ ചെയർമാനും സെക്രട്ടറി കൺവീനറുമായിരിക്കുന്നതുമാണ്.

നിധിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിഷയങ്ങളിൽ മറുപടി നൽകേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.1/27.01.23)നൽകിയിരുന്നു.

**1.** ചട്ടങ്ങളിൽ നിഷ്ക്കർഷിക്കുന്ന തരത്തിൽ സബ്ക്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ മിനിറ്റ്സ് ഹാജരാക്കേണ്ടതാണ്.

**2.** ദുരിതാശ്വാസനിധിക്കായി ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടുണ്ടോ ? (ഉണ്ടെങ്കിൽ അക്കൗണ്ട് വിവരങ്ങൾ നൽകേണ്ടതാണ്.)

**3.** 2021-22 സാമ്പത്തിക വർഷത്തിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം.

**4.** ചട്ടം 3 (5) നിഷ്ക്കർഷിക്കുന്ന തരത്തിൽ അച്ചടിച്ച ഫാറത്തിലുള്ള രശീതി തയ്യാറാക്കിയിട്ടുണ്ടോ ?

ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ സബ്കമ്മിറ്റി രൂപീകരിച്ചതായി പറയുന്നുണ്ടെങ്കിലും എൻക്വയറിയിൽ ആവശ്യപ്പെട്ട പകാരം മിനിറ്റ്സ് ഹാജരാക്കിയില്ല. ദുരിതാശ്വാസ നിധിക്കായി തുടങ്ങിയ ബാങ്ക് അക്കൗണ്ടിൽ ഇതുവരെയായി ഒരു ഇടപാടുപോലും നടന്നതായി കാണുന്നില്ല. കൂടാതെ നിയമത്തിൽ നിഷ്ക്കർഷിക്കുന്ന തരത്തിൽ അച്ചടിച്ച ഫാറത്തിലുള്ള രശീതി തയ്യാറാക്കിയിട്ടുണ്ടെന്നുള്ള മറുപടി നൽകിയെന്നല്ലാതെ ഹാജരാക്കുകയുണ്ടായില്ല.

നിയമത്തിലെ ലക്ഷ്യങ്ങൾക്കനുസൃതമായി പഞ്ചായത്തിലെ നിർദ്ധനരായ വ്യക്തികൾക്ക് ഗുണകരമാകുന്ന തരത്തിൽ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനുള്ള ശ്രമങ്ങൾ ഉണ്ടാവേണ്ടതുണ്ട്.

## 1-27 പഞ്ചായത്ത് ഓഫീസ് റീ-വയറിങ്ങ് ടെണ്ടർ വ്യവസ്ഥകളുടെ ലംഘനം

സെക്രട്ടറി നിർ.ഉദ്യോഗസ്ഥനായി നടപ്പാക്കിയ പഞ്ചായത്ത് ഓഫീസ് റീ-വയറിങ്ങ് (So 008/22) എന്ന പ്രൊജക്റ്റിനായി താഴെ കൊടുത്ത പ്രകാരം 3,75,867/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നം./തീയ്യതി | തുക |
|---|---|

| | |
|---|---|
| 22100718/22.03.22 | 2,50,000 (വികസനഫണ്ട്) |
| 22100551/31.03.21 | 1,25,867 (തനത്ഫണ്ട്) |

ടെണ്ടർ നോട്ടീസ് നം.04/Secretary/LSGD/AKD/2021-22 തീ.22.11.21 പ്രകാരം ടെണ്ടറുകൾ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് സമർപ്പിച്ച ബിൻസൺ ജോസഫ് എന്ന വ്യക്തിയുടെ ടെണ്ടർ 06.12.2021-ലെ 2(1) നം. തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം കരാറുകാരന് തുക നൽകുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിഷയങ്ങളിലുള്ള മറുപടി നൽകേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.7/01.02.23) നൽകിയതിന് തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല.

**എ)** ടെണ്ടറുകൾ സമർപ്പിക്കുവാനുള്ള അവസാന തീയ്യതി 30.11.21 ആണെങ്കിലും ടെണ്ടർ നോട്ടീസ് ദിനപത്രത്തിൽ പ്രസിദ്ധീകരിക്കാൻ ആവശ്യപ്പെട്ട് ജനയുഗം ദിനപത്രത്തിന് കത്ത് നൽകിയിരിക്കുന്നത് 25.11.21-നാണ്. 1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 9(3)(എ)-ൽ, മതിപ്പ് ചെലവ് 1 ലക്ഷം രൂപക്കും 10 ലക്ഷം രൂപക്കും ഇടക്ക് വരുന്ന പൊതുമരാമത്ത് പണിയുടെ കാര്യത്തിൽ, കുറഞ്ഞത് 10 ദിവസത്തെ സമയം നൽകി പഞ്ചായത്ത് പ്രദേശത്ത് ഏറ്റവും കൂടുതൽ പ്രചാരമുള്ള ഒരു പത്രത്തിൽ നിർബന്ധമായും ആവശ്യമെങ്കിൽ മറ്റ് പത്രങ്ങളിലും പരസ്യപ്പെടുത്തേണ്ടതാണെന്ന് നിഷ്ക്കർഷിക്കുന്നുണ്ട്. യോഗ്യരായ കരാറുകാരിൽ ടെണ്ടർ പരസ്യം എത്തുകയും തൽഫലമായി കരാറുകാർ തമ്മിൽ ആരോഗ്യകരമായ മത്സരമുണ്ടാവുകയും പഞ്ചായത്ത് ഫണ്ടിന് സാമ്പത്തിക ലാഭമുണ്ടാവുകയും ചെയ്യുന്നതിനാണ് ഇത്തരത്തിൽ വ്യവസ്ഥ ചെയ്തതെന്നിരിക്കെ പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ പരസ്യം ചെയ്തതിൽ ചട്ടത്തിലെ നിബന്ധനകൾ പാലിച്ചതായി കാണുന്നില്ല. .

**ബി)** സ.ഉ.(സാധാ)നം. 2878/2015/ത.സ്വ.ഭ.വ തീ. 22.09.2015 പ്രകാരം പഞ്ചായത്തുകളിലെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും, മേൽനോട്ടം വഹിക്കുന്നതിനും ബിൽ തയ്യാറാക്കുന്നതിനും മറ്റ് അനുബന്ധപ്രവൃത്തികൾക്കുമായി എസ്റ്റിമേറ്റ് തുകയുടെ 4% പ്രതിഫലമായി നൽകാവുന്നതാണ്. ഫിനാൻസ് (ഇൻഡസ്ട്രീസ് & പബ്ലിക് വർക്സ്-ബി) വകുപ്പിന്റെ 01.03.2019-ലെ 18/2019/ Fin സർക്കുലറിലെ ഖണ്ഡിക 6 പ്രകാരം ജി.എസ്.ടി ഒഴിവാക്കിയ തുകയാണ് എസ്റ്റിമേറ്റായി എടുക്കേണ്ടത്. എന്നാൽ സർക്കുലറിലെ നിർദ്ദേശത്തിന് വിരുദ്ധമായി ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയിന്മേലാണ് പ്രതിഫലം കണക്കാക്കി ശ്രീ. ഉണ്ണിക്കൃഷ്ണൻ, അസി. എക്സി. എഞ്ചിനിയർ, കിഴക്കേപുരക്കൽ എന്ന വ്യക്തിക്ക് നൽകിയിരിക്കുന്നത്.

| എസ്റ്റിമേറ്റ് തുക | 12% GST | ആകെ | നൽകിയ പ്രതിഫലം | അർഹതയുള്ള പ്രതിഫലം | അധികം നൽകിയത് |
|---|---|---|---|---|---|
| 3,39,128.31 | 40695.39 | 379823.70 | 15193 | 13565 | 1628 |

അധികം നൽകിയ തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ തിരിച്ച് പിടിക്കേണ്ടതാണ്.

## 1-28 പൗരാവകാശരാഖ പ്രസിദ്ധീകരണം-നിയമ നിഷ്ക്കർഷ പാലിക്കുന്നില്ല

അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ പൗരാവകാശരേഖ പ്രസിദ്ധീകരിക്കൽ (So 015/22) എന്ന പദ്ധതിക്കായി വൗച്ചർ നം.22100301/24.01.22 പ്രകാരം 11,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഉദയം ഓഫ്സെററ് പ്രിന്റേഴ്സ്, അന്തിക്കാട് എന്ന സ്ഥാപനത്തിന്റെ കാഷ്ബിൽ നം.216/06.11.21 പ്രകാരം 150 എണ്ണം പ്രതികളാണ് അച്ചടിച്ച് വിതരണം നടത്തിയിരിക്കുന്നത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

**എ)** സ്റ്റോക്ക് രജിസ്റ്റർ പേജ് നം.15-ൽ ഇവ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ കാഷ്ബില്ലിൽ Stock Entry രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**ബി)** 2004-കേരള പഞ്ചായത്ത്രാജ് (പൗരാവകാശരേഖ പ്രസിദ്ധീകരിക്കൽ) ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം പൗരാവകാശരേഖയുടെ കാര്യത്തിലെന്നപോലെ അതിന്റെ പുതുക്കലും പഞ്ചായത്ത് നോട്ടീസ് ബോർഡുകളിൽ പ്രസിദ്ധപ്പെടുത്തേണ്ടതും പകർപ്പുകൾ അച്ചടിച്ച് ജനങ്ങൾക്ക് വിതരണം ചെയ്യേണ്ടതുമാണ്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും അച്ചടിച്ച 150 പ്രതികളിൽ ഒരു പ്രതി പോലും ആർക്കെങ്കിലും നൽകിയതായി കാണുന്നില്ല.

**സി)** പഞ്ചായത്ത് പ്രസിദ്ധപ്പെടുത്തിയ പൗരാവകാശരേഖയുടെ രത്നചുരുക്കം ഒരു ബോർഡിൽ പെയിന്റ് കൊണ്ടെഴുതി പഞ്ചായത്താഫീസിൽ പൊതുജനങ്ങൾക്ക് കാണത്തക്കവിധം പ്രദർശിപ്പിക്കേണ്ടതാണെന്ന് മേൽ ചട്ടം 4(2)-ൽ നിഷ്ക്കർഷിക്കുന്നുണ്ട്. എന്നാൽ നിയമ നിഷ്കക്കർഷ പാലിച്ചിട്ടുള്ളതായി കാണുന്നില്ല.

മേൽ വിഷയങ്ങളിലുള്ള മറുപടി നൽകേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.10/01.02.23) നൽകിയതിന് അപാകതകൾ പരിഹരിക്കാമെന്ന മറുപടി ലഭിച്ചിട്ടുണ്ട്.

## 1-29 പാർട്ട് ബിൽ തുക Capital Work-In-Progress-ൽ ഉൾപ്പെടുത്തിയില്ല

G.O.(Ms.)No.152/2011/LSGD Dt. 26.07.2011 പ്രകാരം പഞ്ചായത്തുകളുടെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്നതിനായി പുറപ്പെടുവിച്ച പ്രധാന അക്കൗണ്ടിങ്ങ് നയങ്ങൾ പ്രകാരം, ഏതെങ്കിലും പ്രൊജക്റ്റ് പ്രകാരം നിർമ്മാണത്തിലിരിക്കുന്നതോ സ്ഥാപിച്ചുകൊണ്ടിരിക്കുന്നതോ ആയ ആസ്തികളിന്മേലും പുതിയ പ്രൊജക്റ്റുകളിന്മേലുമുള്ള ക്യാപ്പിറ്റൽ ചെലവുകൾ Capital Work-In-Progress ആയി രേഖപ്പെടുത്തേണ്ടതാണ്.

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം16(3)-ൽ, ഓരോ നിർവ്വഹണോദ്യോഗസ്ഥനും അവരവർക്ക് ലഭിച്ച അലോട്ട്മെന്റ് തുകയുടെ ചെലവ് വിവരങ്ങൾ അടങ്ങിയ Statement Of Expenditure അടുത്തമാസം 5-ാം തീയ്യതിക്കു മുൻപായി സെക്രട്ടറിക്ക് സമർപ്പിക്കണമെന്ന് നിഷ്ക്കർഷിക്കുന്നുണ്ട്.

2021-22 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്തതും 13,24,000 രൂപ അടങ്കൽ തുകയുമുള്ള പഞ്ചായത്ത് ഫ്രണ്ട് ഓഫീസ് കോൺഫറൻസ് ഹാൾ ഫർണ്ണിഷിങ്ങ് (So 144/22) ഒന്നാം **പാർട്ട് ബിൽ** തുകയായ 9,31,795 രൂപ വൗച്ചർ നം.22100758/31.03.22 പ്രകാരം ARTCO-ന് നൽകിയിട്ടുണ്ട്. അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തിലെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട ചെലവ് Capital Work-In-Progress എന്ന ഇനത്തിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

അക്കൗണ്ടിങ്ങ് നയങ്ങളിലെയും അക്കൗണ്ട്സ് ചട്ടങ്ങളിലെയും നിയമനിഷ്ക്കർഷ പാലിക്കാത്തതിന് മറുപടി നൽകേണ്ടതാണെന്നറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/03.02.23) നടപ്പു സാമ്പത്തിക വർഷത്തെ കണക്കുകളിൽ അപാകത പരിഹരിക്കാമെന്ന തൃപ്തികരമല്ലാത്ത മറുപടിയാണ് ലഭിച്ചത്. പഞ്ചായത്തിന്റെ യഥാർത്ഥ സാമ്പത്തിക ചിത്രം പ്രതിഫലിപ്പിക്കുന്ന ഒരു രേഖയാണ് വാർഷിക കണക്കുകൾ എന്നിരിക്കെ, അത് അവധാനതയോടെ തയ്യാറാക്കുന്നതിനുള്ള നടപടികളെടുക്കേണ്ടതാണ്.

## 1-30 തുക അടവാക്കിയിട്ടും കമ്പ്യൂട്ടറുകൾ ലഭിച്ചില്ല

'പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ' എന്ന പദ്ധതിക്കായി 1,13,419 രൂപ ചെലവഴിച്ചതിൽ വൗച്ചർ നം. 22100706/18.03.22 പ്രകാരം 2 Desktop Computerകൾ വാങ്ങുന്നതിനായി KELTRON-ന് നൽകിയ 79,594 രൂപയും ഉൾപ്പെടുന്നു. എന്നാൽ ഫയൽ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും നാളിതുവരെയായി കമ്പ്യൂട്ടറുകൾ ലഭിച്ചതായി കാണുന്നില്ല. കമ്പ്യൂട്ടറുകൾ ലഭിക്കാത്തതിനുള്ള കാലതാമസത്തിനുള്ള കാരണവും ലഭിക്കാനായി പഞ്ചായത്തിന്റെ ഭാഗത്തുനിന്നും കൈക്കൊണ്ട നടപടികളും വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/04.02.23)മറുപടി നൽകിയതിൽ വർക്ക് ഓർഡർ നൽകുന്നതുമായി ബന്ധപ്പെട്ട ചില സാങ്കേതിക പ്രശ്നങ്ങളാണ് കാലതാമസത്തിന് കാരണമെന്ന് അറിയിച്ചിട്ടുണ്ട്. കമ്പ്യൂട്ടറുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികളെടുക്കേണ്ടതാണ്.

## 1-31 ധനവിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭിക്കാത്തത് സംബന്ധിച്ച്.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ വിവിധ പദ്ധതികളുടെ ധനവിനിയോഗ/പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | പദ്ധതി | തുക | വൗച്ചർ നം./ തീയ്യതി | റിമാർക്സ് |
|---|---|---|---|---|
| 1 | IKM വിഹിതം നൽകൽ (So 007/22) | 92,743 | 22100462/ 18.8.21 | 92,743 രൂപയുടെ രശീതി ലഭിച്ചിട്ടുണ്ട് |
| 2 | കാൻ തൃശ്ശൂർ - ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറൽ (So 020/22) | 50,000 | 22100688/ 15.3.22 | കൈപ്പററ് വിവരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 24.1.23-ലെ ഡി.പി.ടി/ ഡി2-52/2022 നം.കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. |

## 1-32 വനിതാ ഘടകപദ്ധതി എന്ന ആശയത്തെ പൂർണ്ണമായി ഉൾക്കൊള്ളാത്ത പദ്ധതിരൂപീകരണം

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 സാമ്പത്തിക വർഷത്തിൽ വാഴക്കന്ന് വിതരണം-വനിത (So 071/22) എന്ന പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും വൗച്ചർ നം.22100597/27.11.2021 പ്രകാരം

55,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ [സ.ഉ.(കൈ)11/2018/തസ്വഭവ തീ 29.01.2018] വനിതാ ഘടക പദ്ധതിയുമായി ബന്ധപ്പെട്ട ഏതാനും ചില വ്യവസ്ഥകൾ താഴെ ചേർക്കുന്നു.

- ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം SCSP, TSP എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 10% തുക വനിതാ ഘടക പദ്ധതിക്ക് വകയിരുത്തണം. {ഖ.5.4.1(10)}
- സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാ ഘടക പദ്ധതിയിൽ ലക്ഷ്യമിടേണ്ടത്.
- വനിതകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രൊജക്റ്റുകളും വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല.

എന്നാൽ മാർഗ്ഗരേഖയിലെ വ്യവസ്ഥക്കനുസൃതമായി കേവലം ഫണ്ട് വകയിരുത്തുക എന്നതിൽക്കവിഞ്ഞ് സ്ത്രീകൾ നേരിടുന്ന സവിശേഷപ്രശ്നങ്ങളുടെ പരിഹാരമൊന്നും ഈ പദ്ധതിയിലൂടെ സാധിതമാകുമെന്ന് കരുതാനാകില്ല. ജനകീയാസൂത്രണത്തിലെ സ്ത്രീ പരിഗണനയുടെ കേന്ദ്രബിന്ദുവായ വനിതാ ഘടകപദ്ധതി എന്ന ആശയത്തെ പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ട് പദ്ധതി മാർഗ്ഗരേഖയുടെ സത്തക്കനുസൃതമായി പദ്ധതി രൂപീകരിക്കുന്നതിനുള്ള ശ്രമങ്ങൾ ഉദ്യോഗസ്ഥ-ഭരണ തലത്തിലുണ്ടാവേണ്ടതുണ്ട്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 100000 | പ്രത്യേക കന്നുകുട്ടി പരിപാലനം | 100000 | 0 |
| | | 100000 | പാലിയേറ്റീവ് കെയർ | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 200000 | പാലിയേറ്റീവ് കെയർ | 200000 | 0 |
| | | 270000 | ട്രൈ സൈക്കിൾ ഫോർ ഡിസേബിൾഡ് | 79125 | 190875 |

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

### 4-4 വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശം | ഉത്തരവ് നമ്പർ തിയ്യത് | തൻവർഷ വായ്പ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| KURDFC-HUDCO | ഇല്ല | - | 8894714 | 11,00,000 | 7794714 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 5,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5,000 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.**

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഷെയർ സർട്ടിഫിക്കറ്റ് നം. 079 തിയ്യതി : 05-07-2001, തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ, വിരുപ്പാക്ക, തൃശ്ശൂർ | 5,000 |
| **ആകെ** | **5,000** |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം.,തിയതി |
|---|---|---|---|---|
| 2018-19 | 1-13 | 2500 | സ്മിത വി. ആർ, കോൺട്രാക്ടർ | 1210103390/04.03.2022 |

## 4-7 സമാഹൃത റിപ്പോർട്ടിൽ തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 1999-00 To 2001-02 (ജനകീയാസൂത്രണം) | 14 | 2004-05 | - | റോഡ് മണ്ണിട്ട് ഉയർത്തലിന് അധിക നിരക്ക് നൽകി | തീർപ്പാക്കാനവശേഷിക്കുന്നു |
| 2 | 2006-07 | 3-6 | 2010-11 | - | മൊബിലൈസേഷൻ അഡ്വാൻസ് നൽകി, പണി നടത്തിയിട്ടില്ല | തീർപ്പാക്കാനവശേഷിക്കുന്നു |
| 3 | 2014-15 | 2-3 | 2014-15 | - | വസ്തുനികുതി കുടിശ്ശിക ഈടാക്കാത്തത് | തീർപ്പാക്കാനവശേഷിക്കുന്നു |

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്തവിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 61294882 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 58040632 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.**

ഇല്ല.

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.**

ഇല്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/ CASE/ CH/SCH) |
|---|---|---|---|---|---|
| 1 | 1997-98 (ചെലവ്) | LFT15-1111/99 Dt. 27.11.99/09.12.99 | 1 | 7(എ) | |
| 2 | 1999-00 To 2001-02 (ജനകീയാസൂത്രണം) | LFT11-1078/03 Dt. 06.02.04/22.05.04 | 2 | 14, 15 | 14 സമാഹൃതം |
| 3 | 2002-03 (വരവ്-ചെലവ്) | LFT11-2188/2006 Dt. 08.02.07/06.10.07 | 5 | 3-8, 3-10(എ), 3-10ബി, 3-11, 3-13, 3-14 | |
| 4 | 2003-04 | LFT11-1877/08 Dt. 09.12.09 | 4 | 3-4,3-6, 3-8, 3-11 | |
| 5 | 2004-05 | LFT11-1878/08 Dt. 09.12.09 | 6 | 3-6, 3-8, 3-10, 3-14(3)(1), 3-14(3)(2), 3-15, 3-16(2) | |
| 6 | 2005-06 | LFT11-868/09 Dt. 13.08.10/04.03.11 | 1 | 3-7 | |
| 7 | 2006-07 | LFT11-869/09 Dt. 16.08.10/04.03.11 | 3 | 2-2(i)(ii), 3-5(2)(a), 3-6 | 3-6 സമാഹൃതം |
| 8 | 2007-08 | LFTP8-317/11 Dt. 29.09.11/04.01.12 | 7 | 3-2, 3-8(1), 3-9(1), 3-11, 3-13, 3-14, 3-15 (4,5,6,7,8,9) | |
| 9 | 2008-09 | LFTP8-317(എ)/11 Dt. 10.10.11/04.01.12 | 3 | 3-11, 3-12, 3-14 | |
| 10 | 2009-10 | LFTP2-693/12 Dt. 27.09.12/02.03.13 | 3 | 3-8(i)(ii)(iii)(iv)(v)(vi)(viii), 3-13, 3-17 | |
| 11 | 2010-11 | LFTP2-694/12 Dt. 27.09.12/02.03.13 | 4 | 3-5, 3-6, 3-7, 3-9 | |
| 12 | 2011-12 | LFTP2-701/2013 Dt. 31.07.13/05.10.03 | 11 | 3-2, 3-3, 3-4, 3-5, 3-7, 3-8, 3-9, 3-11, 3-12, 3-13, 3-16 | |
| 13 | 2012-13 | LFTP2-2173/13 Dt. 11.02.14 | 1 | 3-10 | |
| 14 | 2013-14 | KSATSR-P2-1687/15 Dt. 23.12.15/08.02.16 | 2 | 3-3, 3-11 | |
| 15 | 2014-15 | KSATSR-P2-1038/16 Dt. 28.06.16 | 2 | 2-3, 3-2, | 2-3 സമാഹൃതം |
| 16 | 2015-16 | KSATSR- | 2 | 3-4, 3-7 | |

| | | | | | |
|---|---|---|---|---|---|
| | | P2-2204/16 Dt. 11.01.17 | | | |
| 17 | 2016-17 | KSATSR-P2-1574/17 Dt. 14.11.17/28.11.17 | 5 | 2-1(2), 2-6, 3-1(2), 3-5, 3-10 | |
| 18 | 2017-18 | KSATSR-P2-355/19 Dt. 17.05.19 | 8 | 1-12, 2-1(4)എ, 2-4, 3-3(2,3), 3-8, 3-10(II, III), 3-14(1), 3-15 | |
| 19 | 2018-19 | KSATSR-P2-195/20 Dt. 12.03.20 | 7 | 1-9(1), 1-13(3,4,5), 1-15, 1-18, 1-22, 1-24(1,2), 1-25 | |
| 20 | 2019-20 | KSATSR-P2-1003/2022 Dt. 02/07/2022 | 10 | 1-10, 1-11,1-12,1-13,1-14,1-15,1-16 1-17,1-18,1-19 | |
| 21 | 2020-21 | KSATSR-P2-1004/2022 Dt. 02/07/2022 | 9 | 1-10, 1-11,1-12,1-13,1-14,1-15,1-16 1-17,1-18 | |
| | **ആകെ** | | **96** | | |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം,**
**തൃശ്ശൂർ**

**<u>അനുബന്ധം-1</u>**
**<u>ഓഡിറ്റ് സാക്ഷ്യപത്രം</u>**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്‌ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശൂർ ജില്ലയിലെ അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശൂർ ജില്ലയിലെ അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്